## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 472 — 11.12.2012 -ലെ മറുപടി

### കെ.എസ്.ആർ.ടി.സി. -യുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>" പി. കെ. ഗുരുദാസൻ<br>" പുരുഷൻ കടലുണ്ടി<br>" റ്റി. വി. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബസ് യാത്രാക്കൂലി വർദ്ധിപ്പിച്ചു കൊണ്ടിരുന്നിട്ടും കെ.എസ്.ആർ.ടി.സി. -യുടെ വികസനം നാൾക്കുനാൾ പിറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഡീസൽ വിലയിലും അനുബന്ധ ചിലവുകളിലുമുള്ള വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചിലവ് നികത്തുവാൻ മാത്രമെ ബസ് യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതു കൊണ്ട് കഴിയാറുള്ളൂ. വരവും ചിലവും തമ്മിൽ പ്രതിമാസം ശരാശരി 65 കോടി രൂപയുടെ വ്യത്യാസമുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. വികസനത്തിന്റെ പാതയിൽ തന്നെയാണ്. 5550 ഷെഡ്യൂളുകളും ജെൻറം പദ്ധതി പ്രകാരമുള്ള 312 ഷെഡ്യൂളുകളും നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുവാദം നൽകിയിട്ടുണ്ട്. ഇവയിൽ ശരാശരി 4800 ഉം 275 ഉം എന്ന രീതിയിൽ പ്രതിദിനം ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. പൊതുഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സി. യുടെ പങ്കാളിത്തം കഴിഞ്ഞ 7 വർഷത്തിനിടയിൽ 13 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വർഷങ്ങളായുള്ള കടവും പെൻഷൻ ബാധ്യതയുമാണ് കെ.എസ്.ആർ.ടി.സി. യെ കടക്കെണിയിൽ തള്ളിവിടാനുള്ള പ്രധാന കാരണം. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണ ബസ് യാത്രാക്കൂലി വർദ്ധിപ്പിക്കുകയുണ്ടായി; | (ബി) | രണ്ട് തവണ. 08.08.2011 -ലെ നിരക്ക് വർദ്ധനമൂലം കോർപ്പറേഷന്റെ വരുമാനത്തിൽ ഏകദേശം 14% വർദ്ധനയാണ് ഉണ്ടായത്. |

| | | | |
|---|---|---|---|
| | മൊത്തം എത്ര ശതമാനം നിരക്ക് വർദ്ധനയാണ് ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് ബസ് നിരക്കുകളിൽ വരുത്തിയത്; അതുവഴിയുണ്ടായ അധിക വരുമാനമെത്രയാണെന്ന് വിശദമാക്കാമോ; | | 11.11.2012 -ലെ നിരക്ക് വർദ്ധനയിൽ നിന്നും 13 ശതമാനം അധിക വരുമാനമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ലഭ്യമായ കണക്കുകൾ പ്രകാരം 11.14 ശതമാനം അധിക വർദ്ധനവ് മാത്രമെ ലഭിച്ചിട്ടുള്ളൂ. |
| (സി) | കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്; പുതുതായി വാങ്ങുമെന്ന് പ്രഖ്യാപിച്ച ബസ്സുകൾ എല്ലാം വാങ്ങിയിട്ടുണ്ടോ; | (സി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവുകൊണ്ട് അനുവദിച്ചിട്ടുള്ള അത്ര ഷെഡ്യൂളുകളും കിലോമീറ്ററും ഓടിക്കാൻ കഴിയുന്നില്ലെങ്കിലും ഇപ്പോൾ പ്രതിദിനം ശരാശരി 4700 നും 4800 നും ഇടയ്ക്ക് സർവ്വീസുകളാണ് നടത്തി വരുന്നത്. ചില ദിവസങ്ങളിൽ ഇത് 5000 വരെയായി വർദ്ധിക്കാറുണ്ട്. കൂടാതെ 270 -ഓളം ജെൻറം പദ്ധതി പ്രകാരമുള്ള സർവീസുകളും നടത്തുന്നുണ്ട്.<br>പുതുതായി വാങ്ങുമെന്ന് പ്രഖ്യാപിച്ച 1000 ബസ്സുകളിൽ 625 എണ്ണം വാങ്ങി ബോഡി നിർമ്മാണം കഴിഞ്ഞ് നിരത്തിലിറക്കി, 325 ഷാസ്സികൾക്ക് പർച്ചേഴ്സ് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 50 ഷാസ്സികൾക്കുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി -യിൽ പുതുതായി എന്തുതുക മൂലധന നിക്ഷേപം നടത്തുകയുണ്ടായി? | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12 -ൽ കെ.എസ്.ആർ.ടി.സി യ്ക്ക് 42 കോടി രൂപയും 2012-13 -ൽ 57.07 കോടി രൂപയും മൂലധന നിക്ഷേപമായി അനുവദിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ